# ഉയിർപ്പുഞായർ : കാത്തിരിപ്പ്

കാത്തിരിക്കാൻ ആരെങ്കിലുമുണ്ടാവുക, ഓർത്തിരിക്കാൻ എന്തെങ്കിലുമുണ്ടാവുക ഇതൊക്കെയാണ് ഒരുവന്റെ ജീവിതത്തെ മുൻപോട്ടു നയിക്കുന്നതെന്ന് എനിക്കു തോന്നുന്നു. ഈശോ പറഞ്ഞതൊക്കെയും ഓർത്ത്, അവന്റെ ചെയ്തികളെക്കുറിച്ച് ചിന്തിച്ച് അവനെ കാത്തിരിക്കുന്ന ഒരു പറ്റം മനുഷ്യരുടെ പ്രതീക്ഷകൾക്കുള്ള ഉത്തരമാണ് ഈശോയുടെ ഉയിർപ്പ്.

വേദനിക്കുന്നവരുടെ മനസുകാണാൻ, കരയുന്നവരുടെ കണ്ണീരൊപ്പാൻ, നൊമ്പരപ്പെടുന്നവന്റെ കൂടെയിരിക്കാൻ, തളരുന്നവനെ താങ്ങാൻ അവൻ കാണിച്ച ഹൃദയോദാരതയുടെ പരിണിതഫലമാണ്, മനുഷ്യമക്കളുടെ തേങ്ങലുകൾക്കുള്ള ഉത്തരമാണ് അവന്റെ ഉത്ഥാനം. ശാരീരികവും മാനസികവുമായ പീഡാസഹനങ്ങളുടെ അന്ത്യമാണ് കുരിശുമരണം എന്നുകരുതിയ നമുക്കുതെറ്റി. ഉയിർപ്പാണ് ആ അന്ത്യം. കരിശിൽ കിടക്കുന്ന യേശുവിനെനോക്കി കുരിശിന്റെ അർത്ഥം കണ്ടെത്താൻ ശ്രമിക്കുന്ന നമുക്കുമുന്നിലിതാ ശുഭവസ്ത്രധാരിയായി അവൻ വന്നുനിൽക്കുന്നു. തിരുമുറിപ്പാടുകൾ വീണ ശരീരവുമായി അവൻ - ഉത്ഥിതനായ ക്രിസ്തുവായി നമ്മോടൊത്ത്!

ക്രിസ്തുവിന്റെ ഉയിർപ്പ് പുതിയൊരു തുടക്കമായിരുന്നു. പുതിയൊരു പുലരി ഈ മണ്ണിൽ പൊട്ടി വിടരുകയായിരുന്നു. എന്നും എവിടെയും പുതുമകൾ മാത്രം സമ്മാനിക്കുന്ന ഒരു തമ്പുരാനാണവിടുന്ന്. പുതുമകളുടെ ഒരു പൂന്തോട്ടമായിരുന്നു അവന്റെ ജീവിതം.

-ദീർഘദർശികളുടെ പ്രവചനാനുസൃതം ബേത്‌ലഹേമിൽ നിന്ന് ഇസ്രായേലിന് ഒരു രാജാവ് ഉദയം ചെയ്തതാണ് ആദ്യത്തെ പുതുമ.

-സ്നാപക യോഹന്നാൻ തനിക്കു പിന്നാലെ വരുന്നവന്റെ യോഗ്യതകളും മഹിമയും വാതോരാതെ വിളിച്ചുപറഞ്ഞു.

-ലോകത്തിലിന്നുവരെ സംഭവിച്ചിട്ടില്ലാത്തതും ഇനി സംഭവിക്കില്ലാത്തതുമായ തരത്തിലുള്ള തന്റെ ജനനം-കന്യകയിൽനിന്ന്.

-ഒരു മനുഷ്യശിശു പിറന്നതിനു വഴികാട്ടിയായിപ്പോയ ഒരു നക്ഷത്രം!

-പുൽക്കൂടിന്റെ വെൺമയിൽ മനുഷ്യകുലത്തിന്റെ രാജാവായി പിറക്കുന്ന ദൈവപുത്രൻ.

-വിവാഹവിരുന്നിനെ ശ്രേഷ്ഠമാക്കിത്തീർത്ത കാനായിലെ അത്ഭുതം! വെള്ളം വീഞ്ഞാവുക.

-ആർക്കും തിന്മ വരുത്താതെ നന്മചെയ്തുകൊണ്ട് ചുറ്റിനടന്ന അപൂർവ്വ വ്യക്തിത്വം!

-മരിക്കുവോളം അനേകർക്ക് ജീവനേകിയവൻ-മരിച്ചവനെ ഉയിർപ്പിച്ചവൻ!

-മരണശേഷവും - ഇന്നും - ദിവ്യകാരുണ്യത്തിലൂടെ നമുക്ക് ഓരോരുത്തർക്കും ജീവനേകുന്നവൻ.

ഈ പുതുമകളൊക്കെയും അവൻ സമ്മാനിച്ചത് എനിക്കുവേണ്ടിയാണെന്ന് ചിന്തിക്കാതിരിരിക്കാൻ വയ്യ. അവന്റെ ഉയിർപ്പിനെ എന്റേതാക്കി മാറ്റുമ്പോഴേ ഉയിർപ്പിന്റെ സന്തോഷം എനിക്ക് അനുഭവിക്കാനാവൂ.

നട്ടുച്ചനേരത്ത് വെള്ളം കോരാൻ കിണറ്റിൻകരയിലെത്തിയ സമരിയാക്കാരിയായ സ്ത്രീ. ജീവിതത്തിന്റ വിശപ്പു തീരാതെ, ദാഹം തീരാതെ അലയുന്നവരുടെ പ്രതീകമാണവൾ. പാപവഴികളിലൂടെ ഇടറിനീങ്ങുന്നവരെ നോക്കിക്കൊണ്ട് ക്രിസ്തുവുമുണ്ട് നമ്മുടെ ജീവിതത്തിന്റെ കരയിൽ. തന്റെ ജീവിതത്തെ ഒരു തുറന്ന പുസ്തകമായി എല്ലാമറിയുന്നവന്റെ പാദതാരിൽ അവൾ അർപ്പിക്കുന്നു. ഇനി ഒരിക്കലും മാറ്റാനില്ലാത്ത വിധം ഒരു You-Turn അന്നായിരുന്നു അവളുടെ ജീവിതത്തിന്റെ ഉയിർപ്പ്.

കുരിശിൽക്കിടന്ന നല്ല കള്ളനെ നോക്കുക. സമരിയാക്കാരിയുടെ ജീവിതത്തിൽ സംഭവിച്ചതുതന്നെ ഇവിടെയും സംഭവിച്ചു. അവന്റെ ദൈവത്തെ അവനറിഞ്ഞത് വൈകിയാണെന്നുമാത്രം. അന്ന് അവന്റെ ജീവിതത്തിന്റെ ഉയിർപ്പായിരുന്നു. നാമും തമ്പുരാനെ തിരിച്ചറിയുന്ന അന്നാണ് ഉത്ഥിതരാവുന്നത്. എല്ലാമറിയുന്ന സ്നേഹക്കടലായ തമ്പുരാനെ തിരിച്ചറിയുമ്പോൾ മാത്രം.

ഇനിയുമുണ്ട് ഒട്ടേറെപ്പേർ. പാപിനിയായ മറിയം. ഒരു പക്ഷെ ശിമയോന്റെ വീട്ടിൽ ഈശോ വിരുന്നിനെത്തിയതുതന്നെ അവളെ തിരഞ്ഞാവണം. എല്ലാം അറിഞ്ഞ് സർവ്വവും പൊറുക്കുന്ന കാരുണ്യം!

ഉത്ഥാനം- തിരിച്ചുനടക്കാൻ, തിരിച്ചറിയാൻ, തിരഞ്ഞുപോകാനുള്ള വഴിയാണ്. സംശയിക്കാതെ കാത്തിരിക്കാനുള്ള ആഹ്വാനമാണ്. ക്രിസ്തു ജീവന്റെ ഉറവയാണ്. ഉത്ഥാനം ഒന്നുകൂടി അടിവരയിടുന്നതും അതുതന്നെ. വി. കുർബ്ബാനയാകുന്ന കിണറിന്റെ കരയിൽ ഓരോ ദിവസവും അവൻ കാത്തിരിക്കുകയാണ്. സമരിയാക്കാരി സ്ത്രീയെപ്പോലെ ആ കിണറിൻ കരയിലേയ്ക്ക് നാം എത്തുമെന്ന പ്രതീക്ഷയോടെ. വി. കുർബ്ബാനയിലെ ഈശോയെ തേടിപ്പോകുന്നിടത്ത് എന്റെ ഉത്ഥാനവും ആരംഭിക്കുകയാണ്. ഉയിർത്തെഴുന്നേറ്റ നാഥന്റെ ആണിപ്പാടുള്ള കരങ്ങൾ നീട്ടി അവൻ നമ്മെ മാടി വിളിക്കുന്നു. അവനരികിലേക്ക് ഒരു ചുവടു മുന്നോട്ടുവയ്ക്കാം...

ഈസ്റ്റർ ആശംസകൾ!

**സി. പ്രശാന്തി സി.എം.സി**